LIBRARY ARCHIVES Kerala Legislative Assembly

വയനാട് ജില്ലയിലെ അഡ്വഞ്ചർ ടൂറിസം മേഖല

313 (1011) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ അഡ്വഞ്ചർ ടൂറിസത്തിന് സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്ഥലങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് ഒരു അഡ്വഞ്ചർ ടൂറിസം മേഖല വികസിപ്പിക്കുന്ന കാര്യത്തിൽ തീരുമാനം വ്യക്തമാക്കുമോ ;

(സി) ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അഡ്വഞ്ചർ ടൂറിസവുമായി ബന്ധപ്പെട്ട് വയനാട് ജില്ലയിൽ മൗണ്ടെൻ സൈക്ലിങ്ങിന് ഉതകുന്ന മേഖലകൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 2014 ഫെബ്രുവരി 15-ാം തീയതി കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ ഇന്റർനാഷണൽ മൗണ്ടെൻ ബൈക്ക് ചലഞ്ച് MTB Kerala Second Edition 2014, കൽപ്പറ്റയിലെ പൊഴുതനയിൽ വച്ച് സംഘടിപ്പിച്ചിരിക്കുന്നു. പൊഴുതന ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെടുന്ന ഹാരിസൺ റ്റീ എസ്റ്റേറ്റിലാണ് സൈക്ലിങ്ങിന് അനുയോജ്യമായ ട്രാക്ക് തയ്യാറാക്കിയത്. കൂടാതെ മാനന്തവാടിയിലെ പ്രിയദർശിനി റ്റീ പ്ലാന്റേഷൻ മൗണ്ടെൻ സൈക്ലിങ്ങിന് അനുയോജ്യമായ സ്ഥലമാണ്. MTB Kerala Second Edition 2015. ഇവിടെ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

ഏറനാട് മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

314 (1012) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറനാട് മണ്ഡലത്തിൽ ഈ സർക്കാർ നടപ്പിലാക്കിയ ടൂറിസം പദ്ധതികൾ/നവീകരണ പദ്ധതികൾ ഏതെല്ലാമാണ് ; വിശദാംശം നൽകുമോ ;